**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 776** **30-06-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളുടെ പുനർനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് വടക്കാഞ്ചേരി മണ്ഡലത്തിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലഭ്യമാക്കാമോ? | (എ) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പ്രസ്തുത മണ്ഡലത്തിലെ തെക്കുംകര ഗ്രാമ പഞ്ചായത്തിൽ ഉൾപെട്ട കാക്കിനിക്കാട് പട്ടിക വർഗ്ഗ കോളനിയിലെ 4 കുടുംബങ്ങൾക്ക് 2019-20വർഷം 1,50,000/- രൂപ നിരക്കിൽ ഭവന നവീകരണത്തിന് വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>ഭവന പുനർ നിർമ്മാണത്തിനായി വകുപ്പ് മുഖേന ധനസഹായം നൽകുന്നില്ല. എന്നാൽ 10 വർഷത്തിനുള്ളിൽ നിർമ്മിച്ചതും വാസയോഗ്യമല്ലാത്തതും സാമ്പത്തിക ബുദ്ധിമുട്ടുകാരണം പൂർത്തീകരിക്കാത്തതുമായ പട്ടികജാതിക്കാരുടെ വീടുകൾ പൂർത്തീകരിക്കുന്നതിനായി വകുപ്പ് 2020-21 മുതൽ നടപ്പാക്കി വരുന്ന ഭവന പൂർത്തീകരണ പദ്ധതി പ്രകാരം വടക്കാഞ്ചേരി മണ്ഡലത്തിലെ 8 ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ആകെ 113 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ